LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിലെ പദ്ധതികൾ

79 (1904) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിലെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; പൂർത്തീകരിച്ച പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച എത്ര പണികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയെത്രയെന്നും ഇത് മൊത്തം അടങ്കലിന്റെ എത്ര ശതമാനമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2015-ലെ താൽക്കാലിക കണക്ക് പ്രകാരം 2014-15 ബഡ്ജറ്റിലെ 874 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികൾക്കായി 13991.19 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ 70% ആണ്.

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച 209 പദ്ധതികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്കായി 2426.67 കോടി രൂപ നീക്കിവച്ചിട്ടുള്ളത് അടങ്കലിന്റെ 12% ആണ്.

കടബാദ്ധ്യത

80 (1905) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കടബാദ്ധ്യത വർഷംതോറും വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നടപ്പ് വർഷം നികുതിയിനത്തിൽ എത്ര രൂപ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ട് ; പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം വരും ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12,010 കോടി രൂപയും 2012-13-ൽ 14,010 കോടി രൂപയും 2013-14-ൽ 17,000 കോടി രൂപയും 2014-15-ൽ 20,000 കോടി രൂപയുമായിരുന്നു. ഇപ്രകാരം പദ്ധതി അടങ്കലിലെ വർദ്ധനവിന് അനുസരിച്ച് കടമെടുപ്പിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് 31-10-2015 വരെ 21,633.47 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

നികുതിയിനങ്ങൾ	പിരിച്ചെടുത്ത നികുതി വരുമാനം
ഭൂ നികുതി	120.70
സ്റ്റാമ്പ്സ് & രജിസ്ട്രേഷൻ	1668.44
സംസ്ഥാന എക്സൈസ്	1135.52
വാണിജ്യ നികുതി	16969.56
മോട്ടോർ വാഹന നികുതി	1545.64
മറ്റുള്ളവ	193.61
ആകെ	21633.47

(# 2015-16 ഒക്ടോബർ മാസത്തെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം)

ഇപ്രകാരം പിരിച്ചെടുത്ത തുക പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ (ബഡ്ജറ്റ് എസ്റ്റിമേറ്റ് 45,428.03 കോടി രൂപ) 47.62 ശതമാനമാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ

81 (1906) ശ്രീ. ആർ രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

GPM. 2/240/2020-20